സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും ആയതുവഴി 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

219 (586) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും, കമ്പനി അധികൃതരുമായി കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17-9-2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തന യോഗ്യമായ പദ്ധതികളുമായി മുന്നോട്ട് വരണമെന്ന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശം കമ്പനിയുടെ 2015 ഒക്ടോബർ മാസത്തിൽ കൂടുന്ന ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ സമർപ്പിക്കാമെന്നും അതിന്മേൽ ഉചിതമായ തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് പുതിയ നിർദ്ദേശം സർക്കാരിന് സമർപ്പിക്കാമെന്നും കമ്പനി പ്രതിനിധികൾ ഉറപ്പുനൽകിയിട്ടുണ്ട്. ഇതുവരെ പുതുക്കിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

പരമ്പരാഗത വ്യവസായം

220 (587) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗത്ത് ജോലി ചെയ്തു ജീവിക്കുന്ന കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പരമ്പരാഗത വ്യവസായ രംഗത്താണിപ്പോൾ തൊഴിൽ ദിനങ്ങളും തൊഴിൽ അവസരങ്ങളും കറഞ്ഞിട്ടുള്ളത്;

(സി) ഓരോ പരമ്പരാഗത വ്യവസായ രംഗത്തെയും ആശ്രയിച്ച് ജീവിച്ചു പോന്നിരുന്ന കുടുംബങ്ങൾ, തൊഴിൽ നഷ്ടപ്പെട്ടവർ, അടച്ചുപൂട്ടപ്പെട്ട ചെറുകിട യൂണിറ്റുകൾ, ആധുനികവല്ക്കരണം നടന്നിട്ടില്ലാത്തവ തുടങ്ങിയ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത രംഗത്ത്, നിലവിൽ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണ് ; അവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ആശ്വാസം ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പരമ്പരാഗത കൈത്തറി മേഖലയിൽ 29044 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ജോലി ചെയ്ത് ജീവിക്കുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 12389 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിൽ ഏകദേശം 4400 പേരും പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്യുവരുന്നു. പരമ്പരാഗത കയർ മേഖലയിൽ 3.75 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ ആശ്രയിച്ച് പതിനായിരത്തോളം പനമ്പ് നെയ്ത്ത് തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ 1,49,123 പേർ ജോലി ചെയ്ത് ജീവിക്കുന്നു. പരമ്പരാഗത കരകൗശല മേഖലയിൽ ജോലി ചെയ്യുവരുന്നവരുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) കൈത്തറി മേഖലയിലും കശുവണ്ടി മേഖലയിലും തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും കറഞ്ഞിട്ടുണ്ട്. ഖാദി, കയർ, ഈറ്റ-പനമ്പ് നെയ്ത്ത് മേഖലകളിൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും കറഞ്ഞിട്ടില്ല.

(സി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കൈത്തറി മേഖലയിൽ ആധുനികവത്ക്കരണം നടത്തിവരുന്നു. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി കശുവണ്ടി മേഖലയിൽ ഭാഗിക യന്ത്രവൽക്കരണവും കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണവും നടപ്പാക്കിവരുന്നു. ഖാദി മേഖലയിൽ നൂൽപ്പ്, നെയ്ത്ത് എന്നീ പ്രക്രിയകളിൽ നിയമപരമായി കഴിയുന്ന ആധുനികവൽക്കരണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൈത്തറി മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തൊഴിൽ നഷ്ടപ്പെട്ടതായി വിവരം ലഭിച്ചിട്ടില്ല. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും നിലനിർത്തുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖലയിൽ സഹകരണ മേഖലയിൽ പണിയെടുക്കുന്നതിനെക്കാൾ കൂടുതൽ ആളുകൾ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുൾപ്പെടെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുന്നതിനും മേഖലയുടെ സമഗ്ര വികസനത്തിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ബൃഹത് പദ്ധതി നടപ്പാക്കിവരുന്നു. ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച്

221 (588) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയ്ൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് 17-7-2014-ൽ ബഹു. വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് 17-7-2014-ന് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, സംസ്ഥാനത്തിന് ഗുണകരമെന്ന് തോന്നുന്ന ഏതെല്ലാം സാങ്കേതിക കോഴ്സുകൾ കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ നടത്താൻ കഴിയുമെന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly